മംഗളം
MANGALAM MALAYALAM NEWS
20 June 2023

# ചെമ്മീൻ-കണവ-കൂന്തൽ കയറ്റുമതി: സുസ്ഥിരത മെച്ചപ്പെടുത്താൻ സി.എം.എഫ്.ആർ.ഐ.

കൊച്ചി: സീഫുഡ് കയറ്റുമതിയിൽ നേട്ടം കൊയ്യാൻ കേരളതീരത്ത് നിന്നും പിടിക്കുന്ന സമുദ്രസമ്പത്തിന്റെ സുസ്ഥിരത മെച്ചപ്പെടുത്താനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ട്രോൾവല ഉപയോഗിച്ചു സംസ്ഥാനത്തുനിന്നും പിടിക്കുന്ന 11 ഇനം ചെമ്മീൻ-കണവ-കൂന്തൽ വിഭവങ്ങൾ സുസ്ഥിരമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള ശാസ്ത്രീയ അടിത്തറയൊരുക്കുന്നതിന് സി.എം.എഫ്.ആർ.ഐ. മുൻകൈയെടുക്കും. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എസ്ഇഎഐ) അഭ്യർത്ഥനയെ തുടർന്നാണ് നടപടി. കരിക്കാടി, പൂവാലൻ, ആഴക്കടൽ ചെമ്മീനുകൾ, കൂന്തൽ, കണവ, നീരാളി, പാമ്പാട, കിളിമീൻ ഇനങ്ങൾ എന്നിവയുടെ സ്ഥിതിവിവര കണക്കുകളും, ഈ വിഭവങ്ങളുടെ മൊത്ത ലഭ്യതയും ആരോഗ്യാവസ്ഥയും തിട്ടപ്പെടുത്തി സുസ്ഥിരമായി പിടിക്കാവുന്ന ശാസ്ത്രീയമായ അളവ് നിജപ്പെടുത്തുന്നതിനുമായി സിഎംഎഫ്ആർഐ എസ്ഇഎഐയുമായി ചേർന്ന് കൺസൽട്ടൻസി പ്രൊജക്ടിന് തുടക്കം കുറിക്കും. ഇതിനായി സിഎംഎഫ്ആർഐയും എസ്.ഇ.എ.ഐയും തമ്മിൽ പരസ്പരധാരണയിലെത്തി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനും എസ്ഇഎഐക്ക വേണ്ടി എ ജെ തരകനും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. കയറ്റുമതി ചെയ്യുന്ന ഇനങ്ങൾക്ക് വിദേശവിപണികളിൽ മൂല്യം വർധിപ്പിക്കാനാണ് ഈ നടപടി.

സുസ്ഥിരപരിപാലനരീതികൾ ശക്തിപ്പെടുത്തുന്നതിലൂടെ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന സമുദ്രസമ്പത്തിന് വിദേശരാജ്യങ്ങളിൽ സ്വീകാര്യത വർധിക്കുമെന്ന് സിഎം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു.